# തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലേയ്ക്ക് സ്ട്രോംഗ്റൂം ഗാർഡ് തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള 5% തസ്തികമാറ്റം - 2017 മുതൽ 2022 വരെയുള്ള ക്വാട്ട നികത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ROC.9711/21/EST-B/EST-A** തീയതി: **25/11/2022**

സൂചന:- 1. 24/02/2015-ലെ ROC.8031/2001/EST-2 നമ്പർ അന്തിമ വിജ്ഞാപനം.

2. ബഹു:ഹൈക്കോടതിയുടെ WP(C) 30696/2017, WP(C) 12235/2018 നമ്പർ കേസുകളിന്മേലുള്ള 31/03/2021-ലെ വിധിന്യായം.

3. 04/05/2021-ലെ ഇതേ നമ്പർ ഉത്തരവ്.

4. ബഹു:ഹൈക്കോടതിയുടെ WP(C) 26090/2021, 13260/21, 4310/22 നമ്പർ കേസുകളിന്മേലുള്ള 18/07/2022-ലെ വിധിന്യായം.

5. 06/10/2022-ലെ ഇതേ നമ്പർ സർക്കുലർ ഉത്തരവ്.

6. 04/11/2022-ലെ ROC.8031/2001/EST-2 (i) നമ്പർ ബോർഡ് ഉത്തരവ്.

7. 11/11/2022-ലെ ഇതേ നമ്പർ സർക്കുലർ ഉത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്ട്രോംഗ്റൂം ഗാർഡ് തസ്തികയിൽ ജോലി നോക്കി വരുന്നവർക്ക് ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ പ്രതിവർഷം ഉണ്ടാകുന്ന ആകെ ഒഴിവിന്റെ 5% തസ്തികമാറ്റം വഴി നിയമനം നടത്തുന്നതിന് ചട്ടം നിലവിൽ ഉണ്ട് (സൂചന 1). എന്നാൽ 2017 കാലയളവ് മുതൽ ടി ചട്ടപ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി തസ്തികമാറ്റം അനുവദിച്ച് വന്നിരുന്നില്ല.

തുടർന്ന് ഗാർഡ് തസ്തികയിൽ ജോലി നോക്കി വന്നിരുന്ന ഏതാനും പേർ, ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കണമെന്ന് വിവരിച്ച് ബഹു: ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ 2017 കാലയളവിലെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ക്ലാർക്ക് തസ്തികയിലെ നിലവിലെ ഒഴിവു കണക്കാക്കി തസ്തികമാറ്റം അനുവദിക്കണമെന്ന് നിർദ്ദേശിച്ച് ബഹു:ഹൈക്കോടതി സൂചന (2) വിധിന്യായം പുറപ്പെടുവിച്ചു.

അതിൻ പ്രകാരം 2017 കാലയളവിലെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 2017 മുതൽ 2020 വരെയുള്ള കാലയളവിലെ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ കണക്കാക്കി 9 പേർക്ക് തസ്തികമാറ്റം അനുവദിച്ചു (സൂചന 3).

(മറുപുറം..)

ഇപ്രകാരം 2017 മുതൽ 2020 വരെയുള്ള കാലയളവിലെ ഒഴിവുകൾ 2017-ലെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അനുവദിച്ചതിനെതിരെ ഏതാനും ഗാർഡ്മാർ ബഹു: ഹൈക്കോടതിയെ സമീപിച്ചതിനെ തുടർന്ന് ചട്ടപ്രകാരം 2017-ന് ശേഷം അതാത് വർഷത്തേയ്ക്ക് പ്രത്യേകം പ്രത്യേകം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രതിവർഷം തസ്തികമാറ്റം അനുവദിക്കുന്നതിനും സൂചന (2) ഉത്തരവ് പ്രകാരമുള്ള തസ്തികമാറ്റം താൽക്കാലികമായി കണക്കാക്കുന്നതിനും നിർദ്ദേശിച്ച് ബഹു:ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചു (സൂചന 4).

2017 കാലയളവിലെ അംഗീകരിച്ച അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഉണ്ടായിരുന്ന സാഹചര്യത്തിൽ സൂചന (4) വിധിന്യായ പ്രകാരം 2018 മുതൽ 2021 വരെയുള്ള കാലയളവുകളിലേയ്ക്ക് സീനിയോറിറ്റി ലിസ്റ്റുകൾ ആക്ഷേപം ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരിച്ചു (സൂചന 5).

തുടർന്ന് തയ്യാറാക്കിയ അന്തിമ സീനിയോറിറ്റി ലിസ്റ്റുകൾക്ക് ബോർഡിന്റെ അംഗീകാരം ലഭിച്ചതിനെ (സൂചന 6) തുടർന്ന് സൂചന (7) ആയി പ്രസിദ്ധീകരിച്ചു.

2017 കാലയളവിലെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 04/05/2021-ൽ 9 പേർക്ക് തസ്തികമാറ്റം നൽകിയിരുന്നു. സൂചന (4) വിധിന്യായ പ്രകാരം വർഷംതോറുമുള്ള സീനിയോറിറ്റി ലിസ്റ്റുകൾ പുനഃക്രമീകരിച്ച് പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ, 2017 മുതൽ 2021 വരെയുള്ള കാലയളവിലെ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സ്ട്രോംഗ്റൂം ഗാർഡ്മാരുടെ തസ്തികമാറ്റം ചുവടെ വിവരിക്കും പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

## ക്ലാർക്ക് തസ്തികയിലെ സ്ട്രോംഗ്റൂം ഗാർഡ്മാരുടെ തസ്തികമാറ്റം
## (19,000 - 45,600 ശമ്പള സ്കെയിലിൽ)

## I. 2017

| ക്രമ നമ്പർ | ജോലി നോക്കിയിരുന്ന സ്ഥലം | നിയോഗിച്ചിരുന്ന സ്ഥലം | റിമാർക്സ് |
|---|---|---|---|
| 1. | ശ്രീ.പി.എസ്.സഞ്ചിത്ത്<br>സ്ട്രോംഗ്റൂം ഗാർഡ്<br>ശബരിമല ദേവസ്വം | സെയിൽസ് ക്ലാർക്ക്<br>ശ്രീ ചിത്തിര തിരുനാൾ ഗ്രന്ഥശാല<br>സാംസ്കാരിക-പുരാവസ്തു വിഭാഗം | സൂചന (3) പ്രകാരം തസ്തികമാറ്റം ലഭിച്ചവർ |
| 2. | ശ്രീ.കൃഷ്ണപ്രസാദ്<br>സ്ട്രോംഗ്റൂം ഗാർഡ്<br>പമ്പ ദേവസ്വം | ക്ലാർക്ക്<br>അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്<br>കരുനാഗപ്പള്ളി | |
| 3. | ശ്രീ.എസ്.സി.സുരേഷ്കുമാർ<br>സ്ട്രോംഗ്റൂം ഗാർഡ്<br>ശബരിമല (മരാമത്ത്) | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>(Against vacancy)<br>കാരിക്കോട് സബ്ഗ്രൂപ്പ്<br>തൃക്കാരിയൂർ ഗ്രൂപ്പ് | |

## II. 2018

| ക്രമ നമ്പർ | നിലവിൽ ജോലി നോക്കി വരുന്ന സ്ഥലം | തസ്തികമാറ്റം അനുവദിക്കുന്ന സ്ഥലം | റിമാർക്സ് |
|---|---|---|---|
| 1. | ശ്രീ.കെ.പി.ഗോപകുമാർ<br>സ്ട്രോംഗ്റൂം ഗാർഡ്<br>ദേവസ്വം ബോർഡ് പ്രസ്സ് | ക്ലാർക്ക്<br>സൂപ്രണ്ട് ഓഫ് പോലീസ്<br>(വിജിലൻസ് & സെക്യൂരിറ്റി)<br>ഓഫീസ് | 2017-ലെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്തിയ അവസരത്തിൽ ടിയാളുകൾക്ക് തസ്തികമാറ്റം അനുവദിച്ചിരുന്നില്ല. നിലവിൽ സീനിയോറിറ്റി ലിസ്റ്റ് പുനക്രമീകരിച്ച അവസരത്തിൽ ടിയാളുകൾക്ക് തസ്തികമാറ്റം അനുവദിച്ച് ഉത്തരവാകുന്നു. ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക് പ്രൊബേഷൻ കാലയളവ് ഉണ്ടായിരിക്കുന്നതാണ്. |
| 2. | ശ്രീ.പി.എ.ശ്രീജേഷ്കുമാർ<br>സ്ട്രോംഗ്റൂം ഗാർഡ്<br>ചങ്ങനാശ്ശേരിക്കാവ്ദേവസ്വം<br>ചങ്ങനാശ്ശേരി ഗ്രൂപ്പ് | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>കരുനാട്ട്കാവ് സബ്ഗ്രൂപ്പ്<br>തിരുവല്ല ഗ്രൂപ്പ് | |

## III. 2019

| ക്രമ നമ്പർ | നിലവിൽ ജോലി നോക്കി വരുന്ന സ്ഥലം | തസ്തികമാറ്റം അനുവദിച്ച സ്ഥലം | റിമാർക്സ് |
|---|---|---|---|
| 1. | ശ്രീ.സുബാഷ്.ബി<br>സ്ട്രോംഗ്റൂം ഗാർഡ്<br>ശബരിമല (മരാമത്ത്) | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>**(Against vacancy)**<br>വായ്പൂർ സബ്ഗ്രൂപ്പ്<br>ചങ്ങനാശ്ശേരി ഗ്രൂപ്പ് | സൂചന (3) പ്രകാരം തസ്തികമാറ്റം ലഭിച്ചവർ |
| 2. | ശ്രീ.രഘുനാഥൻ.ആർ<br>സ്ട്രോംഗ്റൂം ഗാർഡ്<br>പടിഞ്ഞാറ്റിൻകര ദേവസ്വം<br>കൊട്ടാരക്കര ഗ്രൂപ്പ് | ക്ലാർക്ക്<br>എക്സിക്യൂട്ടീവ് ഓഫീസ്,<br>ശബരിമല | |

## IV. 2020

| ക്രമ നമ്പർ | നിലവിൽ ജോലി നോക്കി വരുന്ന സ്ഥലം | തസ്തികമാറ്റം അനുവദിച്ച സ്ഥലം | റിമാർക്സ് |
|---|---|---|---|
| 1. | ശ്രീ.രാജേഷ്കുമാർ.എ<br>സ്ട്രോംഗ്റൂം ഗാർഡ്<br>ഹരിപ്പാട് ദേവസ്വം<br>ഹരിപ്പാട് ഗ്രൂപ്പ് | ആഡിറ്റർ<br>അസിസ്റ്റന്റ് ആഡിറ്റ് ആഫീസ്<br>മാവേലിക്കര | സൂചന (3) പ്രകാരം തസ്തികമാറ്റം ലഭിച്ചവർ |
| 2. | ശ്രീ.ഗംഗപ്രസാദ്<br>സ്ട്രോംഗ്റൂം ഗാർഡ്<br>ശബരിമല ദേവസ്വം | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>**(Against vacancy)**<br>കാമൻകുളങ്ങര സബ്ഗ്രൂപ്പ്<br>കരുനാഗപ്പള്ളി ഗ്രൂപ്പ് | |

ഖണ്ഡിക 1 മുതൽ IV വരെ വിവരിക്കുന്ന തസ്തികമാറ്റം 04/05/2021 തീയതി മുതൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

## V. 2021

| ക്രമ നമ്പർ | നിലവിൽ ജോലി നോക്കി വരുന്ന സ്ഥലം | തസ്തികമാറ്റം അനുവദിച്ച സ്ഥലം | റിമാർക്സ് |
|---|---|---|---|
| 1. | ശ്രീ.റ്റി.രാകേഷ് സ്ട്രോംഗ്റൂം ഗാർഡ് ദേവസ്വം ബോർഡ് പ്രസ്സ് | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ വിളക്കാട് സബ്ഗ്രൂപ്പ് വർക്കല ഗ്രൂപ്പ് | സൂചന (3) പ്രകാരം തസ്തികമാറ്റം ലഭിച്ചവർ |
| 2. | ശ്രീ.രാജേഷ്ബാബു.എൻ സ്ട്രോംഗ്റൂം ഗാർഡ് ശബരിമല ദേവസ്വം | ക്ലാർക്ക് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ് മാവേലിക്കര | |

സൂചന (4) വിധിന്യായ പ്രകാരം ഖണ്ഡിക V-ൽ വിവരിക്കുന്ന ജീവനക്കാരുടെ തസ്തികമാറ്റം 04/05/2021 മുതൽ 31/12/2021 വരെ താൽക്കാലികമായി കണക്കാക്കിയും 01/01/2022 തീയതി മുതൽ മാത്രം റഗുലറൈസ് ചെയ്തും ഉത്തരവാകുന്നു.

ഇപ്രകാരം സൂചന (4) വിധിന്യായം നടപ്പിലാക്കുന്നു.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. എല്ലാ ഡിപ്പാർട്ട്മെന്റ് / ആഫീസ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫെയർ ഓഫീസ് കോപ്പി

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.25/11